**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3860** **09-10-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വിഫ്റ്റ് കമ്പനി മുഖേന നാളിതുവരെ എത്രപേർക്ക് കെ.എസ്.ആർ.ടി.സി.യിൽ ജോലി നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ലിമിറ്റഡ് 10 വർഷത്തെ പരിമിത കാലയളവിലേക്ക് ആണ് രൂപീകരിച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയുടെ ബസുകൾ ഓടിക്കുന്നതിനായി ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരെ താൽക്കാലിക കരാർ അടിസ്ഥാനത്തിൽ ദിവസക്കൂലി വ്യവസ്ഥയിൽ ഡ്രൈവർ കം കണ്ടക്ടർ ആയി നിയമിച്ചു വരുന്നു. കൂടാതെ, ഈ കമ്പനിയിലെ ഉയർന്ന മാനേജ്മെന്റ് ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാരെയും താൽക്കാലിക കരാർ അടിസ്ഥാനത്തിൽ മാത്രമേ നിയമിക്കുകയുള്ളൂ. മറ്റ് ജീവനക്കാർ ആയ ഓപ്പറേറ്റിംഗ് / സൂപ്പർവൈസറി സ്റ്റാഫുകൾ കെ.എസ്.ആർ.ടി.സി.യിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ ആവശ്യാനുസരണം വിന്യസിക്കും.<br><br>കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയിൽ നാളിതുവരെ ഡ്രൈവർ, കണ്ടക്ടർ, ഡ്രൈവർ കം കണ്ടക്ടർ വിഭാഗത്തിൽ 1816 പേർ താത്കാലിക കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി ഓപ്പറേറ്റിങ് വിഭാഗം ജീവനക്കാരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br><br>Thiruvananthapuram - 883<br><br>Kollam - 108<br><br>Pathanamthitta - 77<br><br>Alappuzha - 58<br><br>Kottayam - 62<br><br>Idukki - 49<br><br>Ernakulam - 111 |

| | | | |
|---|---|---|---|
| | | | Thrissur - 121<br><br>Palakkad - 52<br><br>Malappuram - 65<br><br>Kozhikode - 91<br><br>Wayanad - 27<br><br>Kannur - 92<br><br>Kasaragod - 20 |
| (ബി) | പ്രസ്തുത നിയമനം നടത്തുമ്പോൾ സംവരണതത്വം പാലിക്കാറുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | താൽക്കാലിക കരാർ അടിസ്ഥാനത്തിൽ ഉള്ള നിയമനത്തിൽ സംവരണതത്വം പരിഗണിക്കാറില്ല. Centre for Management Development, തിരുവനന്തപുരം മുഖേന ഓൺലൈൻ ആയി അപേക്ഷ ക്ഷണിച്ച് നടപടിക്രമങ്ങൾ പാലിച്ചാണ് താൽക്കാലിക കരാർ അടിസ്ഥാനത്തിൽ ഡ്രൈവർ കം കണ്ടക്ടർ വിഭാഗം ജീവനക്കാരുടെ തിരെഞ്ഞെടുപ്പ് നടത്തുന്നത്. നിലവിൽ സ്വിഫ്റ്റ് കമ്പനിയിൽ 1816 ഓപ്പറേറ്റിങ് വിഭാഗം ജീവനക്കാരിൽ SC വിഭാഗം 228 എണ്ണവും ST വിഭാഗം 13 എണ്ണവുമാണ്. ST പ്രാതിനിധ്യത്തിലെ കുറവ് പരിഹരിക്കുന്നതിനായി ഒരു പ്രത്യേക റിക്രൂട്ട്മെന്റ് നടത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട്; എത്ര താത്കാലിക ജീവനക്കാരുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ? | (സി) | കെ.എസ്.ആർ.ടി.സി.യിലെ നിലവിലെ സ്ഥിരം, താത്കാലിക ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>സ്ഥിരം ജീവനക്കാർ: 22785 എണ്ണം (ജി-സ്പാർക്ക് ഡാറ്റ പ്രകാരം ).<br><br><u>താൽക്കാലിക ജീവനക്കാർ</u><br><br>ദിവസ വേതനം : 5210 എണ്ണം<br><br>കരാർ ജീവനക്കാർ : 10 എണ്ണം<br><br>കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലെ എല്ലാ തസ്തികകളിലെ നിയമനങ്ങളും താൽക്കാലിക കരാർ അടിസ്ഥാനത്തിലാണ്.<br><br>മാനേജീരിയൽ തസ്തികയിൽ 2 എണ്ണവും താൽക്കാലിക കരാർ ഓപ്പറേറ്റിങ് വിഭാഗത്തിൽ 1816 എണ്ണം താത്കാലിക ജീവനക്കാരുമുണ്ട്. |

സെക്ഷൻ ഓഫീസർ